"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - കാസർകോട് ജില്ല ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ ചിറ്റാരിക്കലിൽ കമ്പല്ലൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയുടെ സബ്സെന്റർ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.158/2026/AYUSH    തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- 1. 09.06.2023 ലെ സ.ഉ.(സാധാ)നം.205/2023/ആയുഷ്.

2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 12.12.2024 ലെ DISM/3365/2024-B3 നം.കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാസർകോട് ജില്ല കമ്പല്ലൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരാത്ത വിധത്തിൽ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ ചിറ്റാരിക്കലിൽ ആയുർവേദ സബ്സെന്ററിനായി കണ്ടെത്തിയ കെട്ടിടത്തിൽ ആഴ്ചയിൽ ഒരു ദിവസം പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആയുർവേദ സബ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

2. സബ് സെന്ററിന്റെ പ്രർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ഒരുക്കേണ്ടതും ആവശ്യമായ സ്റ്റാഫിനെ വർക്കിങ് അറേഞ്ചമെന്റിലും സാമ്പത്തിക ബാധ്യത വരാത്ത രീതിയിലും നിയമിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദ), കാസർഗോഡ്.
3. പ്രസിഡന്റ്/സെക്രട്ടറി, ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
5. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).

6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/174/2025-AYUSH)

ഉത്തരവിൻ പ്രകാരം

**Signed by Baiju G**
**Date: 14-03-2026 22:32:20**

സെക്ഷൻ ഓഫീസർ